"ഭരണഭാഷ – മാതൃഭാഷ"

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 23/10/2020

## പരിപത്രം

വിഷയം:- പൊതുവിദ്യാഭ്യാസം – 2020 ലെ മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും – സംബന്ധിച്ച്

സൂചന :- സർക്കാർ പരിപത്രം നമ്പർ ഔഭാ 4/15/2020/ഉപരവ തീയതി 09/10/2020.

*******

"കേരളത്തിൽ കോവിഡ് വ്യാപനം കൂടുതൽ ശക്തിപ്പെടുന്ന സാഹചര്യത്തിൽ ഈ വർഷം മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും ആഘോഷപരിപാടികൾ ഒഴിവാക്കി കൊണ്ട് സംഘടിപ്പിക്കാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച സൂചനയിലെ പരിപത്രത്തിന്റെ പകർപ്പ് ഇതോടൊപ്പം അറിവിലേക്കും തുടർനടപടികൾക്കുമായി അയക്കുന്നു. ടി. പരിപത്രത്തിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 2020 നവംബർ മാസം ഒന്നാം തീയതി ഞായറാഴ്ച ബഹു.മുഖ്യമന്ത്രി ഓൺലൈനായി നൽകുന്ന സന്ദേശവും മലയാള ഭാഷാ പണ്ഡിതൻ നൽകുന്ന പ്രഭാഷണവും കേൾക്കേണ്ടതാണ്. വകുപ്പിന് കീഴിലെ എല്ലാ ഓഫീസുകളിലും ഓരോ ദിവസവും ഭരണരംഗത്ത് ഉപയോഗിക്കുന്ന അഞ്ച് ഇംഗ്ലീഷ് പദങ്ങളും സമാനമലയാള പദങ്ങളും എഴുതി പ്രദർശിപ്പിക്കേണ്ടതുമാണ്.

Signature valid
Digitally signed by SANTHOSH C...
Date: 20..-..-23
12:44:11 IST
Reason: Approved

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്:

1. ജോയിന്റ് കമ്മീഷണർ (പരീക്ഷാഭവൻ)
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
3. എല്ലാ ആർ.ഡി.ഡിമാർക്കും. (ഹയർസെക്കന്ററി വിഭാഗം)
4. എല്ലാ എ.ഡിമാർക്കും. ( വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം)
5. എല്ലാ ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
6. എല്ലാ ഡയറ്റ് പ്രിൻസിപ്പാൾമാർക്കും.
7. ടെക്സ്റ്റ് ബുക്ക് ഓഫീസർ, തിരുവനന്തപുരം.
8. എല്ലാ സ്കൂൾ പ്രിൻസിപ്പാൾ/ പ്രഥമാധ്യാപകർ (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുഖേന)

പകർപ്പ്:

1.ഡി.ജി.ഇ (സി.എ മുഖേന)
2.എ.ഡി.പി.ഐ (അക്കാഡമിക്) (സി.എ മുഖേന)
3. എ.ഡി.പി.ഐ ( ജനറൽ )(സി.എ മുഖേന)
4. സീനിയർ എ.ഒ (സി.എ മുഖേന)

പകർപ്പ് ... നം. AS/PDL/2020 തീ. 28/10/20
... എല്ലാ പ്രധാനാധ്യാപകർക്കും അറിവിലേക്കും തുടർനടപടികൾക്കുമായി അയക്കുന്നു.

[illegible signature]

ഭരണഭാഷ -മാതൃഭാഷ                                    ഫാക്സ് സന്ദേശം

**കേരള സർക്കാർ**

**ഉദ്യോഗസ്ഥ - ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്**

നം.ഔഭാ4/ 15/ 2020/ / ഉഭപവ.

തിരുവനന്തപുരം,
തീയതി. 09.10.2020

## <u>സർക്കുലർ</u>

വിഷയം :- ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്- 2020-ലെ മലയാള ദിനാഘോഷവും ഭരണഭാഷാവാരാഘോഷവും -സംബന്ധിച്ച്.

സൂചന :- 1. 8.03.2002 ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നം. 31/ 2002/ ഉ.ഭ.പ.വ
2. 02.05.2002 ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നം. 20/ 2002/ ഉ.ഭ.പ.വ

കേരളത്തിലെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി സർക്കാർ വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. അതിന്റെ ഭാഗമായി എല്ലാ വർഷവും നവംബർ 1 മലയാളദിനമായും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാവാരമായും ആഘോഷിക്കുന്നതു സംബന്ധിച്ച് സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഇക്കാലയളവിൽ ഭരണഭാഷാമാറ്റത്തിന് ഉതകുംവിധമുള്ള പ്രഭാഷണങ്ങളും ചർച്ചകളും സെമിനാറുകളും മറ്റും സംസ്ഥാന - ജില്ലാ - താലൂക്ക് - പഞ്ചായത്തുതലങ്ങളിലുള്ള ഓഫീസുകളിൽ സംഘടിപ്പിക്കുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങളാണ് ടി ഉത്തരവിൽ നൽകിയിട്ടുള്ളത്. സ്കൂൾ തലത്തിൽ സംഘടിപ്പിക്കേണ്ട ആഘോഷപരിപാടികളെ സംബന്ധിച്ച് സൂചന (2) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാരിന്റെ എല്ലാ വകുപ്പുകളിലും ഭരണവകുപ്പുകളിലും സ്ഥാപനങ്ങളിലും മേൽപ്പറഞ്ഞ ഉത്തരവുകളുടെ വെളിച്ചത്തിൽ കേരളത്തിന്റെ 64 -ാം വാർഷികവേളയായ ഈ വർഷവും പരിപാടികൾ സംഘടിപ്പിക്കേണ്ടതായിരുന്നു. എന്നാൽ, കേരളത്തിൽ 'കോവിഡ് 19' വ്യാപനം കൂടുതൽ ശക്തിപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ ഈ വർഷം വിപുലമായ ആഘോഷപരിപാടികൾ ഒഴിവാക്കിക്കൊണ്ട് മലയാളദിനാഘോഷവും ഭരണഭാഷാവാരാഘോഷവും സംഘടിപ്പിക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. അതിന്റെ ഭാഗമായി 2020 നവംബർ 1-ാം തീയതി ഞായറാഴ്ച ബഹു. മുഖ്യമന്ത്രി ഓൺലൈനായി മലയാളദിന സന്ദേശം നൽകുന്നതും ഒരു പ്രമുഖ മലയാളഭാഷാപണ്ഡിതൻ ഭരണഭാഷയെ അധികരിച്ച് പ്രഭാഷണം നടത്തുന്നതുമാണ്.